150 YEARS OF CELEBRATING THE MAHATMA

Break the Chain

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബ ജോർജ്ജ്.ഐ.എ.എസ് )

ഉത്തരവ് നം. SJD/100739/2019-E1

തിരുവനന്തപുരം,
തീയതി. 09/06/2020

വിഷയം: സാമൂഹ്യ നീതി വകുപ്പ്- ജീവനക്കാര്യം - തിരുവനന്തപുരം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : സീനിയർ സൂപ്രണ്ട് ശ്രീ.ഇ .തമ്പിയുടെ 26/5/2020 ലെ അപേക്ഷ

തിരുവനന്തപുരം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല തിരുവനന്തപുരം ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീ.തമ്പി.ഇ 28-06-2019 മുതൽ അധികമായി നിർവഹിച്ച് വരുകയാണ്. ആരോഗ്യപരമായ കാരണങ്ങളാൽ ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാരൻ പരാമർശം പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഒരു വർഷക്കാലമായി പൂർണ്ണ അധികച്ചുമതല വഹിച്ച് വരുന്ന ജീവനക്കാരന്റെ ചുമതല ഒഴിവാക്കി നൽകണമെന്ന അപേക്ഷ പരിഗണനാർഹമാണ്.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല തിരുവനന്തപുരം പ്രൊബേഷൻ ഓഫീസിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I (ജെ.ജെ) ശ്രീ.ഗിഫ്റ്റ്സൺ രാജ്.എസിന് അധികമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജീവനക്കാരൻ ഉടൻ പ്രാബല്യത്തിൽ ചുമതല ഏറ്റെടുക്കുകയും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള ആമുഖ കത്ത് സഹിതം
2. ജില്ല സാമൂഹ്യനീതി ഓഫീസർ തിരുവനന്തപുരം
3. പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1 തിരുവനന്തപുരം
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്